TB Movie Panel Weekly Review

#moviepanel

മിന്നൽ മുരളി(Netflix)
(No Spoilers)

അങ്ങനെ നമ്മുടെ നാട്ടിലും ഉണ്ടായി ഒരു ഒന്നൊന്നര സൂപ്പർ ഹീറോ...

1000-1500 കോടിയുടെ സൂപ്പർ ഹീറോ പടങ്ങൾ കണ്ടു ശീലിച്ച പ്രേക്ഷകർക്ക് മുന്നിലേക്ക് 18 കോടി മുടക്കി നിർമിച്ച 'മിന്നൽ മുരളി' നെഞ്ചും വിരിച്ചു തന്നെ നടന്നു വന്നു. എല്ലാം തികഞ്ഞ പടമെന്ന അവകാശവാദങ്ങൾ ഒന്നുമില്ലെങ്കിലും കണ്ടിറങ്ങുന്ന ഓരോ പ്രേക്ഷകന്റെയും മനസ്സിൽ തങ്ങി നിൽക്കുന്ന കുറച്ചു രംഗങ്ങൾ എങ്കിലും സിനിമ നമുക്ക് സമ്മാനിക്കുന്നുണ്ട്.ബേസിൽ എന്ന സംവിധായകന്റെ സിനിമയാണ് അക്ഷരർത്ഥത്തിൽ മിന്നൽ മുരളി.പ്രധാന കഥാപാത്രങ്ങളെ അവരുടെ കഥകളിലൂടെ പ്രേക്ഷകരുമായി ഇമോഷണാലി കണക്റ്റ് ചെയ്തതിനു ശേഷം മാത്രമാണ് സിനിമയിൽ സൂപ്പർ ഹീറോ കഥ ആരംഭിക്കുന്നത്. അതു കൊണ്ടു തന്നെ പ്രേക്ഷകർക്ക് സിനിമ കൂടുതൽ ആസ്വാദ്യകരമായി മാറുന്നു..

മിന്നൽ മുരളിയായി എത്തിയ ടോവിനോ തന്റെ കഥാപാത്രം മികച്ചതാക്കിയപ്പോൾ, അത്ഭുതപ്പെടുത്തിയത് ഗുരു സോമസുന്ദരത്തിന്റ 'ഷിബു' എന്ന കഥാപാത്രമായിരുന്നു. സാധാരണ വില്ലൻ കഥാപത്രങ്ങൾക്ക് അപ്പുറത്തേക്ക് അതിനു ഡെപ്ത് നൽകാൻ സംവിധായകനും നടനും കഴിഞ്ഞു എന്നത് ഈ സിനിമയുടെ വലിയ നേട്ടമാണ്.

സമീർ താഹീറിന്റ മനോഹര ഫ്രെയിമുകൾ ഈ സിനിമ തിയേറ്ററിൽ പോയി കാണാൻ കഴിയാത്ത നമ്മുടെ നിരാശ കൂട്ടുന്നത് ആയിരുന്നു, പ്രേത്യേകിച്ചു ക്ലൈമാക്സ് രംഗങ്ങൾ.VFX എല്ലായിടത്തും കേറി ഉപയോഗിക്കാതെ എഡിറ്റിങ്ങിലൂടെ പല രംഗങ്ങളും മികവുറ്റതാക്കാൻ Livingston Mathew നു കഴിഞ്ഞിട്ടുണ്ട്.

പാളി പോകാവുന്ന ഒരു കഥയെ വളരെ കയ്യടക്കത്തോടെ അവതരിപ്പിച്ചിരിക്കുന്നതിൽ നവാഗത എഴുത്തുകരായ അരുൺ അനിരുദ്ധനും ജസ്റ്റിൻ മാത്യുവും പ്രേത്യേക അഭിനന്ദനം അർഹിക്കുന്നു.

വിശദമായ നിരൂപണം കൂടുതൽ ആളുകളിലേക്ക് സിനിമ എത്തിയതിനു ശേഷം ഇടുന്നതായിരിക്കും.

ഈ ക്രിസ്മസ് അവധിക്കാലം എല്ലാവരും കുടുംബത്തോടൊപ്പം ഈ സിനിമയും കാണുക ആസ്വദിക്കുക8